2002-03-ൽ ഭൂമി വാങ്ങിയവരുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	–	339
കൊല്ലം	–	246
പത്തനംതിട്ട	–	238
ആലപ്പുഴ	–	184
കോട്ടയം	–	431
ഇടുക്കി	–	305
എറണാകുളം	–	315
തൃശ്ശൂർ	–	169
പാലക്കാട്	–	340
മലപ്പുറം	–	320
കോഴിക്കോട്	–	221
വയനാട്	–	97
കണ്ണൂർ	–	303
കാസർഗോഡ്	–	507

(സി) പ്രസ്തുത ഭൂമി ഗുണഭോക്താക്കൾ തന്നെ കണ്ടെത്തി വാങ്ങിയിട്ടുള്ളതും സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായിട്ടാണ്. ആയതിന്റെ തുക പട്ടികജാതി വികസന വകുപ്പിൽ നിന്നും നല്കിയിട്ടുള്ളതുമാണ്.

(ഡി) സർക്കാർ ഭൂമി വാങ്ങി നല്കിയിട്ടില്ല. വാസയോഗ്യമായ ഭൂമിയാണ് ഗുണഭോക്താക്കൾ കണ്ടെത്തിയിട്ടുള്ളത്. അതിനാൽ സർക്കാർ ഇതിന് ഇനിയും തുക ചെലവഴിക്കേണ്ടതില്ല.

ഭൂരഹിതരായ ആദിവാസികൾക്ക് ലഭ്യമാക്കുന്ന ഭൂമി

148 (2427) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഭൂരഹിതരായ ആദിവാസികൾക്ക് വിതരണം ചെയ്യാൻ ഇപ്പോൾ ലഭ്യമാക്കിയ 25000 ഏക്കർ ഭൂമി ഏതൊക്കെ ജില്ലയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ വന ഭൂമി എത്രയാണ്, റവന്യൂ ഭൂമി എത്രയാണ്, തോട്ടം മേഖലയിൽനിന്നും ലഭ്യമാക്കിയിട്ടുള്ളത് എത്രയാണ് എന്ന് ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽപ്പെടുന്ന വനഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിസ്ഥിതി ക്ലിയറൻസ് ആവശ്യമാണോ എന്ന് വ്യക്തമാക്കുമോ ; എങ്കിൽ പ്രസ്തുത വനഭൂമി ആദിവാസികൾക്ക് പതിച്ച് നല്കുന്നതിനുവേണ്ട ക്ലിയറൻസ് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ ഇതിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം മുന്നോട്ടുവച്ചിട്ടുള്ള ഉപാധികൾ എന്തൊക്കെയാണെന്നു കൂടി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഭ്യമായിട്ടില്ല.

(ബി&സി) ഉദിക്കുന്നില്ല.

ആദിവാസി ഭൂവിതരണത്തിന് കേന്ദ്രത്തിന് സമർപ്പിച്ച പദ്ധതി

149 (2428) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. എ. സുജനപാൽ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്ക് വനഭൂമി നല്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിന് ഒരു പദ്ധതി സമർപ്പിച്ചിരുന്നുവോ ;

(ബി) അതേപ്പറ്റി പഠിക്കാൻ ഒരു കേന്ദ്ര സംഘം എത്തിയിരുന്നുവോ ;

(സി) എങ്കിൽ കേന്ദ്ര സംഘത്തിനാവശ്യമായ വിശദീകരണങ്ങൾ നല്കിയോ ;

(ഡി) പദ്ധതിയിൽ പറയുന്ന വനഭൂമി ആദിവാസികൾക്ക് നല്കുവാൻ എന്നേയ്ക്ക് അനുവാദം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സമർപ്പിച്ചിരുന്നു.

(ബി) എത്തിയിരുന്നു.

(സി) നല്കി.

(ഡി) കേന്ദ്ര വന ഉപദേശകസമിതി അംഗങ്ങൾ സൂചിപ്പിച്ചതിൻപ്രകാരം നല്കിയ നിർദ്ദേശത്തിൽ ഉൾപ്പെട്ടിട്ടുള്ള പാരിസ്ഥിതികമായി ദുർബലമായ പ്രദേശങ്ങൾ ഒഴിവാക്കിയും നേരത്തെ തന്നെ തോട്ടങ്ങളായി മാറ്റപ്പെട്ടിട്ടുള്ളവയും, ജനവാസ കേന്ദ്രങ്ങൾക്കിടയിലുള്ളവയുമായ വനപ്രദേശങ്ങൾ ഉൾപ്പെടുത്തിയും ഒരു മാസത്തിനകം പുതുക്കിയ നിർദ്ദേശം നല്കാൻ ഉദ്ദേശിക്കുന്നു. ഈ നിർദ്ദേശം കേന്ദ്ര വന ഉപദേശകസമിതി കഴിവതും വേഗം പരിഗണിക്കുമെന്ന് ഉറപ്പു തന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly